**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2590** **04-03-2025 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ - വീക്ഷണം കൈത്തറി സഹകരണസംഘം പുനരുജ്ജീവിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവന്നിരുന്ന വീക്ഷണം കൈത്തറി സഹകരണസംഘത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സഹകരണസംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം 10 വർഷത്തോളമായി പ്രവർത്തന രഹിതമാണ്. എന്നാൽ 2022-ൽ നിലവിൽ വന്ന ഭരണസമിതി സംഘത്തിൽ നിലവിലുണ്ട്. സംഘത്തിലെ ലൂമുകൾ കാലപ്പഴക്കത്താൽ നശിച്ച അവസ്ഥയിലാണ്. വൈദ്യുതി, വാട്ടർ കണക്ഷൻ എന്നിവയുടെ ബില്ലുകൾ കുടിശ്ശിക ആയതിനെ തുടർന്ന് കണക്ഷൻ വിച്ഛേദിക്കപ്പെട്ട അവസ്ഥയിലാണ്. കാലപ്പഴക്കത്താലും അറ്റകുറ്റപ്പണി നടത്താത്തതിനാലും വർക്ക്ഷെഡ്, ഓഫീസ് കെട്ടിടം എന്നിവ നശിച്ച അവസ്ഥയിലാണ്. സംഘത്തിന് കേരള ബാങ്കിൽ, ക്യാഷ് ക്രെഡിറ്റ് ഇനത്തിൽ 80 ലക്ഷം രൂപയോളം കുടിശ്ശികയുണ്ട്. നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നശേഷം സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് വരുന്നു. |
| (ബി) | വകുപ്പിന്റെ പരിഗണനയിലുള്ള പ്രസ്തുത പദ്ധതിയിന്മേൽ കൈവരിച്ച പുരോഗതി വിശദമാക്കുമോ? | (ബി) | പ്രവർത്തനം നിലച്ച കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള സ്കീമുകൾ നിലവിൽ ഇല്ലാത്തതിനാൽ സംഘം പ്രവർത്തനം പുനരാരംഭിക്കുന്ന പ്രവർത്തനങ്ങൾക്ക് പുരോഗതി ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ